**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2613** **02-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ വകുപ്പുകളിൽ അപ്രന്റീസ് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ ഐ.ടിഐ.കളിൽ നിന്ന് പഠിച്ചിറങ്ങുന്ന ട്രെയിനികൾക്ക് ആർ.ഐ. സെന്ററുകൾ വഴി വിവിധ തൊഴിൽ സെക്ടറുകളിലേയ്ക്ക് അപ്രന്റീസ് പരിശീലനം നടത്താറുണ്ടോ; എങ്കിൽ സർക്കാർ മേഖലയിൽ എത്ര ഡിപ്പാർട്ടുമെൻറുകളിൽ പ്രസ്തുത പരിശീലനം നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ ഐ.ടി.ഐ. കളിൽ നിന്ന് പഠിച്ചിറങ്ങുന്ന ട്രേഡ് അപ്രന്റീസുകൾക്ക് വിവിധ സർക്കാർ / അർദ്ധ സർക്കാർ/ പൊതുമേഖല / സ്വകാര്യ സ്ഥാപനങ്ങളിൽ അപ്രന്റീസ് പരിശീലനം നേടുന്നതിന് ആവശ്യമായ സഹായം ആർ.ഐ സെന്ററുകൾ മുഖേന നൽകി വരുന്നു. സർക്കാർ മേഖലയിൽ 17 ഡിപ്പാർട്ട്മെന്റ കളിൽ അപ്രന്റീസ് പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പരിശീലനത്തിനായി കേരളത്തിൽ പതിനായിരക്കണക്കിന് ട്രെയിനികൾ വിവിധ ആർ.ഐ. സെന്ററുകളിൽ ഊഴം കാത്ത് നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശീലനത്തിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി പരമാവധി സർക്കാർ ഡിപ്പാർട്ടുമെന്റുകളിൽ ട്രെയിനികൾക്ക് അപ്രന്റീസ് പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | 2016 മുതൽ കേന്ദ്ര സർക്കാരിന്റെ അപ്രന്റീസ് പോർട്ടലായ www.apprenticeship.gov.in പോർട്ടലിലും 2020 മുതൽ ഡി.ജി.റ്റിയുടെ നിർദ്ദേശ പ്രകാരം www.apprenticeshipindia.org എന്ന പോർട്ടലിലും പരിശീലനാർത്ഥികളും സ്ഥാപനങ്ങളും നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആർ.ഐ. സെന്ററുകളിൽ രജിസ്ട്രേഷൻ നടപടികൾ നിലവിലില്ല. ആയതിനാൽ നിലവിൽ പരിശീലനാർത്ഥികൾ ആർ.ഐ. സെന്ററുകളിൽ അവസരം കാത്തു നിൽക്കുന്ന സാഹചര്യമില്ല. അപ്രന്റീസ് പരിശീലനത്തിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി 1961 ലെ അപ്രന്റീസ് ആക്റ്റ് പ്രകാരം അപ്രന്റീസുകളെ പരിശീലനത്തിനായി നിയോഗിക്കണം എന്നറിയിച്ചു കൊണ്ടുള്ള കത്ത് എല്ലാ വകുപ്പ് മേധാവികൾക്കും വ്യാവസായിക പരിശീലന വകുപ്പ് നൽകുകയും, ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അപ്രന്റീസ് പരിശീലനത്തിന്റെ ആവശ്യകത യെക്കുറിച്ച് ബോധവൽക്കരണം സ്ഥിരമായി നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ